**FC3 – 879/2021**

ഫോറസ്റ്റ്ഹെഡ്ക്വാർട്ടേഴ്സ്,
വഴുതക്കാട്,
തിരുവനന്തപുരം
Ph: 0471-2529322, 2529325
E-mail: apccf-sa.for@kerala.gov.in
**തീയതി : 24.05.2021**

# പത്രക്കുറിപ്പ്

സംസ്ഥാനത്തെ സാമിൽ/മരാധിഷ്ഠിത വ്യവസായങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 2012 ലെ ചട്ടങ്ങൾ അസാധുവാക്കി 12.02.2021 ലെ GO(P)No. 2/2021/F&WLD സർക്കാർ ഉത്തരവ് (S.R.O No. 162/2021) പ്രകാരം 12.02.2021 മുതൽ Kerala Forest (Regulation of Sawmills and Other Wood-based Industrial Units) Rules, 2021 നിലവിൽ വന്നിട്ടുള്ളതാണ്. ടി ചട്ടത്തിലെ 3(1) പ്രകാരം നിയമം നിലവിൽ വന്ന തീയതി മുതൽ നിയമ പ്രകാരം ചുമതലപ്പെടുത്തിയ ആതറൈസ്ഡ് ഓഫീസർമാരുടെ അനുമതിയില്ലാതെ സംസ്ഥാനത്ത് ഒരു വ്യക്തിക്കും മരാധി ഷ്ഠിത വ്യവസായം പുതുതായി തുടങ്ങുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ അനുമതിയില്ലാത്തതാണ്. പ്രസ്തുത നിയമത്തിലെ ചട്ടം 3(3) പ്രകാരം മന:പൂർവ്വമല്ലാത്തതോ, മറ്റു ന്യായമായ കാരണങ്ങളാലോ മുൻകാലങ്ങളിൽ അനുവദിച്ച സമയ പരിധിക്കുള്ളിൽ ഫോറസ്റ്റ് ലൈസൻസിന് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്തവരും, സംസ്ഥാനത്ത് 30.10.2002 ന് മുൻപ് മുതൽ പ്രവർത്തിച്ചു വരുന്നതുമായ തടിമില്ല് ഉൾപ്പെടെയുള്ള മരാധിഷ്ഠിത വ്യവസായ സ്ഥാപന ഉടമകൾക്ക് ഫോറസ്റ്റ് ലൈസൻസിനായും, കൂടാതെ ചട്ടം 3(6) അനുസരിച്ച് വ്യക്തമായ കാലാവധി രേഖപ്പെടുത്താത്ത ലൈസൻസ്/എൻ.ഒ.സി ഉപയോഗപ്പെടുത്തി പ്രവർത്തിച്ചുവരുന്ന സാമിൽ/മരാധിഷ്ഠിത വ്യവസായ ങ്ങൾക്ക് കാലാവധി രേഖപ്പെടുത്തിയ പുതിയ ലൈസൻസ് ലഭിക്കുന്നതിനുമുള്ള അപേക്ഷകൾ ടി നിയമം നിലവിൽ വന്ന തീയതി മുതൽ 6 മാസത്തിനകം സമർപ്പിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 30.10.2002 ന് മുൻപ് പ്രവർത്തിച്ചു വരുന്ന മരാധിഷ്ഠിത

സ്ഥാപനങ്ങൾ/ സാമില്ലുകൾ എന്നിവയ്ക്ക് ലൈസൻസ് ലഭിക്കുന്നതിനായി Schedule B പ്രകാരമുള്ള അപേക്ഷാഫീസ് അടച്ച് സ്ഥാപനം 30.10.2002 ന് മുമ്പ് പ്രവർത്തിക്കുന്നതാണെന്ന് തെളിയിക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെ ലൈസൻ സിന്റെ നോട്ടറൈസ്ഡ് കോപ്പി, പഞ്ചായത്തിലെ D & O രജിസ്റ്ററിന്റെ അറ്റസ്റ്റ് ചെയ്ത കോപ്പി, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്/ ഇൻഡസ്ട്രീയൽ വകുപ്പിൽ നിന്നും ലഭ്യമാക്കിയ SSI രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി എന്നിവയിലേതെങ്കിലും ഉൾപ്പെടുത്തി അപേക്ഷ Form No. IA ആതറൈസ്ഡ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

അപേക്ഷ സമർപ്പിക്കുന്നതിനുള്ള പൊതു നിർദ്ദേശങ്ങൾ.

(1) അപേക്ഷകൻ വനം കുറ്റകൃത്യങ്ങളിൽ ഏർപ്പെടാത്ത വ്യക്തി ആയിരിക്കണം.

(2) മരാധിഷ്ഠിത വ്യവസായത്തിന് നൽകുന്ന സ്ഥലത്തിന്റെ നിമയപരമായ കൈവശാവകാശം ഉണ്ടായിരിക്കണം.

(3) സ്ഥാപനം നിലനിൽക്കുന്ന കെട്ടിടത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ ഉണ്ടായിരിക്കണം.

(4) പൊതുജനാരോഗ്യത്തിന് ഹാനികരമായ പ്രവർത്തനങ്ങൾ ഇല്ലായെന്ന് ഉറപ്പ് വരുത്തണം.

അപേക്ഷകൾ 2021 ആഗസ്റ്റ് 11 ന് മുമ്പ് അതാത് ജില്ലകളിലെ നിയമ പ്രകാരം ചുമതലപ്പെടുത്തിയ ആതറൈസ്ഡ് ഓഫീസർ (ടെറിറ്റോറിയൽ ചുമതലയുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ) മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

നിയമത്തിലെ ചട്ടം 6(2) ചട്ടം (9) പ്രകാരം കാറ്റഗറി II ൽപ്പെട്ട ചെറുകിട മരാധിഷ്ഠിത വ്യവസായങ്ങൾ, കാറ്റഗറി V റബ്ബർ അധിഷ്ഠിത പാക്കിംഗ് കേസ്/ ബ്ലോക്ക് ബോർഡ്/ ടീ ചെസ്റ്റ് കാറ്റഗറി VII പ്രകാരം റബ്ബർ തടിയധിഷ്ഠിത ഫർണിച്ചർ/ വെനീർ/ പ്ലൈവുഡ്/ പാർട്ടിക്കിൾ ബോർഡ്, കാറ്റഗറി VIII പൂർണ്ണമായും ഇറക്കുമതി തടി ഉപയോഗിക്കുന്ന യൂണിറ്റുകൾ, കാറ്റഗറി IX തടി പ്രോസസ്സിംഗ്, ആശാരിപ്പണി എന്നിവയിൽ പരിശീലനം

നടത്തുന്ന സ്ഥാപനങ്ങൾ, കാറ്റഗറി X പ്രകാരം തെങ്ങു തടി/പന തടി അധിഷ്ഠിതമായ യൂണിറ്റ് തുടങ്ങുന്നതിനും അപേക്ഷകന്റെ undertaking അടിസ്ഥാനത്തിൽ ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതായിരിക്കും. പ്രസ്തുത സ്ഥാപനങ്ങൾ തുടങ്ങുന്നതിനായി Schedule B പ്രകാരമുള്ള ഫീസ് ഒടുക്കി Form IB അപേക്ഷ സഹിതം ആതറൈസ്ഡ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

1. ലൈസൻസ് പുതുക്കുന്നത് :- ലൈസൻസ് പുതുക്കുന്നതിനായി ലൈസൻസ് കാലാവധി പൂർത്തിയാക്കുന്നതിന് 3 മാസം മുൻപായി Schedule B പ്രകാരം ഫീസ് ഒടുക്കി അപേക്ഷ Form IB യിൽ ആതറൈസ്ഡ് ഓഫീസർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. റിന്യൂവൽ കാലാവധി കഴിഞ്ഞ് മൂന്ന് മാസത്തിന് ശേഷം ലഭിക്കുന്ന II, III, IX എന്നീ കാറ്റഗറിയിൽപെട്ട അപേക്ഷകൾക്ക് തുടർന്നുള്ള ഓരോ മാസത്തിനും 250 രൂപ വീതവും മറ്റ് കാറ്റഗറിയിൽപ്പെട്ട അപേക്ഷകൾക്ക് 600 രൂപ വീതവും ലേറ്റ് ഫീ ഒടുക്കേണ്ടതാണ്.

2. ഷിഫ്റ്റിംഗ് ഓഫ് സാമിൽ :-
   (1) മരാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ മാറ്റി സ്ഥാപിക്കുന്നതിന് Schedule B പ്രകാരം ഫീസ് അടച്ച് Form IV ൽ അപേക്ഷ ആതറൈസ്ഡ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.
   (2) അന്തർ ജില്ലാ ഷിഫ്റ്റിന് എസ്.എൽ.സി. കമ്മിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്.

3. Changing the name & style of sawmill or other wood based industries :- ആതറൈസ്ഡ് ഓഫീസറുടെ മുൻകൂർ അനുമതി കൂടാതെ പേരും/ സ്റ്റൈലും മാറ്റുവാൻ പാടില്ല. ആയതിന് Schedule B പ്രകാരമുള്ള ഫീസ് അടച്ച് Form No. V അപേക്ഷ വാങ്ങി ആതറൈസ്ഡ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

4. Transfer/Succession of license:- പ്രസ്തുത നടപടിക്കായി Schedule B പ്രകാരമുള്ള ഫീസ് അടച്ച് Form VI അപേക്ഷ വാങ്ങി രേഖകൾ സഹിതം ആതറൈസ്ഡ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

മേൽ പ്രകാരമുള്ള ലൈസൻസുകൾ ലഭിക്കുന്നതിനായി Schedule B പ്രകാരം ഫീസടച്ച് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അപേക്ഷാഫോം അതാത് ടെറിറ്റോറിയൽ ചുമതലയുള്ള ആതറൈസ്ഡ് ഓഫീസർ (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ) മുമ്പാകെ സമർപ്പിക്കേണ്ടതാണ്.